# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചാഴൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSATSR-P(2)-312/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 18/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSATSR-P(2)-312/2023 തീയ്യതി: 18/04/2023

# തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 16-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 17-02-2023 | 27-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-02-2023 | 27-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
സീനത്ത് പി.എ, ഓഡിറ്റ് ഓഫീസർ
സ്റ്റാൻലി പി.എസ്, അസി.ഓഡിറ്റ് ഓഫീസർ (20.02.2023, 24.02.2023, 25.02.2023)
വിദ്യ ഒ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇന്ദുലാൽ കെ.വി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| റെജി പോൾ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പോൾസൺ തോമസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| നിഷാന്ത് പി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.രാജഗോപാലൻ ടി.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.അനിഷ പി.ജെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.രജിത | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| സെബാസ്റ്റ്യൻ ജോസഫ് | പ്രധാന അദ്ധ്യാപകൻ | 01-04-2021 | 03-12-2021 |
| സിനി കെ.എസ് | പ്രധാന അദ്ധ്യാപിക | 04-12-2021 | 31-03-2022 |
| ഗീത ടി.സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| പ്രമീന ഐ.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 08-07-2021 |
| സൗമ്യ പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-07-2021 | 31-03-2022 |
| ശ്രീജ വി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 11-04-2021 |
| മഞ്ജുഷ ടി.വി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 12-04-2021 | 18-07-2021 |
| മായ കെ ബാബുരാജ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 19-07-2021 | 21-02-2022 |
| ഷീല ടി.ജി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 22-02-2022 | 31-03-2022 |
| ധന്യ എ | വി ഇ ഒ (ഇഞ്ചമുടി സർക്കിൾ) | 01-04-2021 | 31-03-2022 |
| സിന്ധു പി.ജി | വി ഇ ഒ (ചാഴൂർ സർക്കിൾ) | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| റെനീഷ് എ.എച്ച് | വി ഇ ഒ (കുറുമ്പിലാവ് സർക്കിൾ) | 01-04-2021 | 31-03-2022 |
| ഡോ ജോമി ജോൺ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 20-04-2021 |
| ഡോ.രാജലക്ഷ്മി രാധാകൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 21-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 11 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 13 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 14 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 15 | ഡി.സി.ബി രജിസ്റ്റർ ഗണിതക്രിയയിലുള്ള വ്യത്യാസം | 1-10-6 |
| 16 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-7 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-8 |
| 18 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-9 |
| 19 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല | 1-10-10 |
| 20 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-11 |
| 21 | Capital Work In Progress-വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-10-12 |
| 22 | Stale Cheque ബാദ്ധ്യത ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-10-13 |
| 23 | ബൈലോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. | 1-11 |
| 24 | 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല. | 1-12 |

| | | |
|---|---|---|
| 25 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകേണ്ടതാണ്. | 1-13 |
| 26 | വസ്തു നികുതി പുനർനിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 27 | മൊബൈൽ ടവറിന് വസ്തു നികുതി നിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-15 |
| 28 | ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കി | 1-16 |
| 29 | പെർമിറ്റ് രജിസ്ററർ, ഫയലുകൾ - പൊതു അപാകങ്ങൾ | 1-17 |
| 30 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 31 | കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം-വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-20 |
| 33 | സ്വയം തൊഴിൽ സംരംഭം -സബ്സിഡി തുക കാർഷികാവശ്യത്തിന് കൈമാറി . | 1-21 |
| 34 | സൂപ്പർ വിഷൻ ചാർജ് അധികം നൽകി | 1-22 |
| 35 | വിനിയോഗവിവരം ലഭ്യമായിട്ടില്ല | 1-23 |
| 36 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അാപകതകൾ | 1-24 |
| 37 | കന്നുകുട്ടി പരിപാലനം-പദ്ധതിയിൽനിന്നും വിട്ടുപോയവർക്കുവേണ്ടി അടവാക്കിയ പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ് | 1-25 |
| 38 | മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും | 1-26 |
| 39 | കരാറുകൾ ആധികാരികമായി ചമക്കുന്നില്ല | 1-27 |
| 40 | പ്രൈസ് സോഫ്റ്റ്വെയറിലെ അപാകത-ക്വാറി മക്കിന് 10% ഓവർഹെഡ് ചാർജ് അനുവദിച്ചിരിക്കുന്നു | 1-28 |
| 41 | ഗ്രാമപഞ്ചായത്തിന് ലഭിച്ച സംശുദ്ധസേവനത്തിന് ജി.എസ്.ടി അടവാക്കി | 1-29 |
| 42 | തൊഴിലുറപ്പുപദ്ധതി പ്രവർത്തനം | 1-30 |
| 43 | സ്വയം സഹായസംഘം കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതാണ് | 1-31 |
| 44 | ക്വാറി മക്ക് ഫില്ലിങ്-തൊഴിലുറപ്പുപദ്ധതി, പ്രൈസ് സോഫ്റ്റ്വെയർ നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-32 |
| 45 | പദ്ധതി പ്രവൃത്തികളിൽ കണ്ടെത്തിയ അപാകതകൾ | 1-33 |
| 46 | പണം കൈമാറിയിട്ടും മരുന്നും ഉപകരണങ്ങളും ലഭിക്കാത്തത് സംബന്ധിച്ച് | 1-34 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 16.02.2021 | |
| കമ്മറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 277072259 | 272265300 |
| റിവൈസ്ഡ് ബഡ്ജറ്റ് | | |
| പാസ്സാക്കിയ തിയതി | 16.03.2022 | |
| കമ്മറ്റി തീരുമാനം | 17(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 317175000 | 326335000 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 27-07-2022 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 19047297.25 |
| വരവ് | 92145585.00 |
| ആകെ | 111192882.25 |
| ചെലവ് | 89709340 |
| നീക്കിയിരിപ്പ് | 21483542.25 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ (എസിആർ പ്രകാരം) | 0 | 14995600 | 14995600 | 13890106 | 1105494 |
| വികസനഫണ്ട് - എസ്.സി.പി (എസിആർ പ്രകാരം) | 0 | 10889667 | 10889667 | 10069901 | 819766 |
| മെയിൻറനൻസ് റോഡ് (എസിആർ പ്രകാരം) | 0 | 9407200 | 9407200 | 6228306 | 3178894 |

| | | | | | |
|---|---|---|---|---|---|
| മെയിൻറനൻസ് നോൺറോഡ് (എസിആർ പ്രകാരം) | 0 | 6329566 | 6329566 | 5242129 | 1087437 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് -Basic (എസിആർ പ്രകാരം) | 0 | 5165629 | 5165629 | 4372873 | 792756 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് (- Tied എസിആർ പ്രകാരം) | 0 | 8377649 | 8377649 | 5480519 | 2897130 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക ) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം( | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 188 | 123234418 | 102 | 67453205 | 54.25 | 54.74 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 10062700 | 668 |
| വിധവ പെൻഷൻ | 21448900 | 1387 |
| വാർദ്ധക്യകാല പെൻഷൻ | 42368800 | 2943 |
| വികലാംഗ പെൻഷൻ | 5406800 | 356 |
| 50 വസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2159200 | 142 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2023 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58705 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 3587 | 787252 | 790839 | 790839 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 21220238 | 21220238 | 21220238 | |
| മെറ്റീരിയൽ കോസ്റ്റ് | | 4351535 | 4351535 | 4351535 | |
| ആകെ | | | | 26359025 | |

വാർഷിക കണക്കും തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്കുമായി വ്യത്യാസമുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3394127/- | 3381627 | 9689 | 4548 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3394127/- | 3381627/- | 9689 | 4550* |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(4778 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി |

| | | | | |
|---|---|---|---|---|
| | | | | പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

## 1-10-3 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1857410/- | 1829026/- | 5575/- | 23113/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1857410/- | 1829026/- | 5575 | *23114/- |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 24270 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-4 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 12279 | 4310/- | 7973/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *12292/- | 4310/- | **7980/- |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6046+6861=12907/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (8379/105X100)=......., |

## 1-10-5 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 172884/- | 628 | 173512/- | 172046 | 218 | 172264 | 613 | | 230 | 406 | 636 |
| | നോൺ-റെസിഡൻഷ്യൽ | 93614/- | 6 | 93620/- | 92176 | 6 | 92182 | -291 | | 1157 | 0 | 1157 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ | | 267132 | | 264446 | 904 | | 1793 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 267198 | | 255722 | | | 265405 | 1793 |
| | | 627+266571.......=(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-6 ഡി.സി.ബി രജിസ്റ്റർ ഗണിതക്രിയയിലുള്ള വ്യത്യാസം

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

## 1-10-7 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (662) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (150) |
| 280200401-Prior Period Income-Other Income | 24000 |
| 280800701-Prior Period- Miscellaneous Expenses | (1021848) |

## 1-10-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-9 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2436245/രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5989577/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും

പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല

### 1-10-10 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുന്നില്ല

തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-10-11 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിൽ 228 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 20121-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-12 Capital Work In Progress-വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1746604/--രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 1612332/രൂപ യാണ്.

### 1-10-13 Stale Cheque ബാദ്ധ്യത ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 887049 | 27.12.14 | 885 |

### 1-11 ബൈലോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ നടത്തിപ്പ്, പരിപാലന ചുമതല, ലൈസൻസ്

നല്കുന്നതിലെ വ്യവസ്ഥകൾ, അവയുടെ ഉപയോഗത്തിനും കൈവശം വെയ്ക്കുന്നതിനുമുള്ള ഫീസ് എന്നിവ സംബന്ധിച്ച് കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് സർക്കാർ അംഗീകാരം ലഭ്യമാക്കി വ്യവസ്ഥകൾക്കനുസൃതമായി വാടകയ്ക്ക് നൽകേണ്ടതും സംവരണ തത്വങ്ങൾ പാലിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 4/30.01.2023)

### 1-12 2021-22 വർഷത്തിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടില്ല.

2021-22 വർഷ കാലയളവിൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതിൽ താഴെ ചേർക്കുന്ന ലൈസൻസികൾ ഫാക്ടറി- വ്യാപാര- സംരംഭക ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം | ലൈസൻസി | വ്യാപാരത്തിന്റെ വിവരം |
|---|---|---|---|
| 1. | XII/ 193 | VFPCK സ്വാശ്രയ സമിതി പഴവിൽ | രേഖപ്പെടുത്തിയിട്ടില്ല. |
| 2. | XVIII/ 317 | പുഷ്പാംഗദൻ മാനങ്ങത്ത് | ഫ്രൂട്ട്സ്, വെജിറ്റബിൾ, ശീതള പാനീയം, മത്സ്യ കച്ചവടം |
| 3. | XVIII/ 319 | കപിൽ കുറുവേലി | ഫിലിം മേക്കിംഗ് സ്റ്റുഡിയോ |

ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 8/ 21.02.2023) സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയത്. ടി സ്ഥാപനങ്ങൾക്ക് 2022-23 വർഷത്തിലേക്കും വാടകയ്ക്ക് പ്രവർത്തിക്കാൻ അനുമതിയ്ക്ക് അപേക്ഷ നല്കിയതിനാലും തുടർന്ന് വാടകയ്ക്ക് നല്കിയതിനാലും ഒട്ടും പ്രവർത്തിച്ചിട്ടില്ലായെന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല.

ഫീൽഡ് പരിശോധന നടത്തി കേരള പഞ്ചായത്ത് രാജ് ആക്ട് - സെക്ഷൻ 232 പ്രകാരം ഗ്രാമപഞ്ചായത്തിൽ ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും, ലൈസൻസ് എടുപ്പിക്കേണ്ടതും, അല്ലാത്ത പക്ഷം ആയതിനുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരത്തിലുള്ള ചട്ടലംഘനങ്ങൾ ഒഴിവാക്കേണ്ടതും വരുമാന ചോർച്ച തടയേണ്ടതുമാണ്.

### 1-13 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകേണ്ടതാണ്.

2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയ നായ്ക്കളുടെ എണ്ണം 325 ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം ലൈസൻസ് നൽകിയത് 61 നായ്ക്കൾക്ക് മാത്രമാണ്. ഓഡിറ്റ് എൻക്വയറി (നം. 21/25.02.2023) നല്കിയതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ നായ്ക്കൾക്ക് മാത്രമല്ല കുത്തിവെയ്പ്പ് എടുക്കുന്നത് എന്നാണ് മറുപടി നല്കിയത്. ലൈസൻസ് നല്കൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ വ്യാപകമായ പ്രചാരണം നല്കി ലൈസൻസ് നല്കേണ്ടതാണ്.

### 1-14 വസ്തു നികുതി പുനർനിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഫയൽ നം. A3/ 5154/2021

ശ്രീ മുഹമ്മദ് അമ്പലത്ത് വീട്ടിൽ എന്നവരുടെ 115.82 ച.മീ. തറവിസ്തീർണമുള്ള വാണിജ്യകെട്ടിടത്തിന് താഴെ ചേർക്കും വിധം നികുതി നിർണയിച്ചിട്ടുണ്ട്. (2021-22 II അർദ്ധ വർഷം മുതൽ)

| ക്രമ നം | കെട്ടിടനം | വിസ്തീർണം | നികുതി നിർണയ വിവരങ്ങൾ |
|---|---|---|---|
| 1 | 10/526 J | 26.77 | 26.77 X 50= 1338.50<br>20 % വർദ്ധനവ് -267.70<br>ബഹുനില വാണിജ്യ കെട്ടിടത്തിനുള്ള ഇളവ് 10 %- 80.35 |

| | | | |
|---|---|---|---|
| | | | വസ്തുനികുതി - 1527/-+ L.C. |
| 2 | 10/ 526 H | 55.56 | 55.56 X 50= 2778.00<br>20 % വർദ്ധനവ് -555.60<br>വസ്തുനികുതി - 3334/-+ L.C. |
| 3 | 10/ 526 G | 33.49 | 33.49 X 50= 1674.50<br>20 % വർദ്ധനവ് - 334.49<br>വസ്തുനികുതി - 2010/-+ L.C. |

കംപ്ലീഷൻ പ്ലാൻ പ്രകാരം വാണിജ്യകെട്ടിടത്തിന്റെ തറവിസ്തീർണം ഗ്രൗണ്ട് ഫ്ലോർ 103.35 + സ്റ്റെയർ റൂം- 12.47 = 115.82 ച.മീ. ആണ്. ക്രമ നം. 1 പ്രകാരമുള്ളതിൽ 26.77 ച.മീ. കെട്ടിട വിഭാഗത്തിന് ബഹുനില വാണിജ്യ കെട്ടിടത്തിനുള്ള ഇളവ് 10 % അനുവദിക്കാവുന്നതല്ല. അനർഹമായി അനുവദിച്ച ഇളവ് ഒഴിവാക്കി വസ്തുനികുതി പുനർ നിർണയിച്ചതിന്റെയും കുടിശ്ശിക സഹിതം ഈടാക്കിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

കംപ്ലീഷൻ പ്ലാൻ പ്രകാരം നിലവിലെ വാസഗൃഹത്തിന് (10/525) 150.44 ച.മീ. തറവിസ്തീർണമുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ടി കെട്ടിടത്തിന് 103.88 ച.മീ. തറവിസ്തീർണമാണുള്ളത്. സ്ഥലപരിശോധന നടത്തി, വസ്തുനികുതി പുനർ നിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/ 25.02.2023)

## 1-15 മൊബൈൽ ടവറിന് വസ്തു നികുതി നിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഫയൽ നം. A3/1836/ പെർമിറ്റ് നം .6/28.05.2020(പെർമിറ്റ് കാലാവധി - 27.05.2021 വരെ) പ്രകാരം ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന് 423/2, 425/6 – സർവ്വേ നമ്പറുകളിൽ ആലപ്പാട് വില്ലേജിൽ കെട്ടിട നിർമ്മാണാനുമതി നല്കിയിട്ടുണ്ട്. ടി ടവർ നിർമ്മാണം പൂർത്തീകരിച്ച് വസ്തുനികുതി നിർണയിച്ചതിന്റെയോ അല്ലാത്ത പക്ഷം കെട്ടിട നിർമ്മാണാനുമതി പുതുക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

(ഓഡിറ്റ് എൻക്വയറി നം. 20/ 25.02.2023- ക്രമനം.VIII)

## 1-16 ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കി

ഫയൽ നം. A3/2903/2021

I) ശ്രീ സുബിൻ കാട്ടുങ്ങൽ എന്നവരുടെ പണിപൂർത്തീകരിച്ച വാസഗൃഹത്തിന് 3/540 A കെട്ടിട നമ്പർ നല്കി ക്രമവത്കരണം നടത്തി നികുതി നിർണയിച്ചിട്ടുണ്ട്. അപേക്ഷാ തീയതി - 09.07.2021. തറവിസ്തീർണം- 102.36 ച.മീ. ആയതിന് ക്രമ വത്കരണ ഫീസായി 717/- (102.36 X 3.5 X 2 =716.62) ഈടാക്കേണ്ടതിനു പകരം 615 രൂപയാണ് ഈടാക്കിയത്. ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/ 25.02.2023)

II) ഫയൽ നം A3-2620/2021

ഫയൽ പ്രകാരം തമ്പി എന്ന ആന്റണി, കുറ്റിക്കാട്ട് എന്നവരുടെ ഉടമസ്ഥതയിലുള്ള 50 ച.മീ. തറവിസ്തീർണമുള്ള കെട്ടിടം 2021-22 വർഷത്തിൽ ക്രമവത്കരിച്ച നൽകിയിട്ടുണ്ട്. കെട്ടിട നം. - 15/ 551 B. പ്ലാൻ പ്രകാരം ആകെ തറവിസ്തീർണം- 140 + 50 = 190 ച.മീറ്റർ. പ്ലാൻ പ്രകാരം ക്രമവത്കരണത്തിനുള്ള കെട്ടിടം "Small House Hold Business – A1 Occupancy" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി നിർണയ ഫോറം പ്രകാരം 'ഇതര വ്യവസായങ്ങൾക്കുള്ള കെട്ടിട'ങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. ലൈസൻസ് എടുത്തിട്ടുള്ളത് 'ഗോൾഡൻ ലോഫ് ഫുഡ് പ്രോഡക്ഷൻസ്' വ്യവസായം നടത്തുന്നതിനാണ്. എന്നാൽ ക്രമ വത്കരണ ഫീസായി 1000/- (50 X 10 X 2 = 1000) ഈടാക്കേണ്ടതിനു പകരം 700(50 X 7 X 2 = 700) രൂപയാണ് ഈടാക്കിയത്. ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക ഈടാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് തുക ഈടാക്കി അറിയിക്കേണ്ടതാണ്.

കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിലുണ്ടായിരുന്ന നിലവിലെ വാസഗൃഹത്തിന് (കെട്ടിട നം.15/ 551) 140 ച.മീ. തറവിസ്തീർണമുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ടി കെട്ടിടത്തിന് 42.88 ച.മീ. തറവിസ്തീർണമാണുള്ളത്. എഞ്ചിനീയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തിയതിനു ശേഷം വാസഗൃഹത്തിന്റെ വസ്തുനികുതി പുനർ നിർണയിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം (55143687/ 10.03.21) ഭൂമിയുടെ തരം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന് ഒക്യുപൻസി അനുവദിച്ചതിന് RDO അനുമതി/ LLMC റിപ്പോർട്ട് ലഭ്യമായതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/ 25.02.2023)

## 1-17 പെർമിറ്റ് രജിസ്ററർ, ഫയലുകൾ - പൊതു അപാകങ്ങൾ

A) റിപ്പോർട്ടിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

സർക്കുലർ നം 12900/ആർ.എ/15 ത.സ്വ.ഭ.വ. തീയതി 02.12.2015 പ്രകാരം, എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കെട്ടിട നിർമ്മാണ അപേക്ഷാ രജിസ്റ്റർ കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷാഫയലിൽ നോട്ട് ഭാഗവും കറസ്പോണ്ടന്റ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി പരിശോധന നടത്തി എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ,കെട്ടിടത്തിന്റെ കൈവശ ഗണം/ഉപയോഗം, വിസ്തീർണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ്, കെട്ടിടനിർമാണനിയമങ്ങളും മറ്റു അനുബന്ധനിയമങ്ങളും പാലിക്കുന്നുണ്ടോയെന്ന വിശദാംശങ്ങളും പെർമിറ്റ് അനുവദിക്കുന്നതു സംബന്ധമായ കൃത്യമായ ശുപാർശയും ഉൾപ്പടുത്തേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ സ്ഥലപരിശോധന നടത്തി അളവുകളും അതിരുകളും അളന്നു തിട്ടപ്പെടുത്തുന്നതു സംബന്ധിച്ചും വഴിയുടെ വീതി, സ്ഥലത്തിന്റെ തരം, പെർമിറ്റ് ഫീസ് സംബന്ധമായ കണക്കാക്കലുകൾ എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്. പ്ലാൻ പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യങ്ങൾ നിർമ്മാണ സ്ഥലത്ത് പ്രായോഗിക തലത്തിൽ ലഭ്യമാണോയെന്ന് റിപ്പോർട്ട് ചെയ്യുണ്ടതാണ്. ഇതിനായി മാതൃകാ ഫോർമാറ്റ് തയ്യാറാക്കാവുന്നതും ഈ റിപ്പോർട്ട് ഫയലിന്റെ ഭാഗമായി സൂക്ഷിക്കേണ്ടതുമാണ്.

പരിശോധിച്ച പെർമിറ്റ് ഫയലുകളിൽ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

B) പെർമിറ്റ് രജിസ്ററർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും അതുവഴി നികുതിചോർച്ച തടയാനും സാധിക്കുകയുള്ളൂ. എല്ലാ മാസവും നിശ്ചിത ദിവസം സെക്രട്ടറിയോ ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥരോ രജിസ്റ്റർ പരിശോധിക്കേണ്ടതും രജിസ്റ്ററിലെ ക്രമപ്രകാരം അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പരിശോധിച്ച വിവരം തീയതി വച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

C) കേ.പ.രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 95 (3) പ്രകാരം രാജിയാക്കൽ ഫീസ് ലഭിക്കുകയും ഉപാധികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അനുസരിക്കുകയും ചെയ്യുന്നതിന്മേൽ അനുബന്ധം G1 ലെ പോലെ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതും അനുബന്ധം G2 വിലെ പോലെ ഒരു മാതൃകാ രജിസ്റ്ററിൽ അതിന്റെ വിശദ വിവരങ്ങൾ രേഖപ്പെടുത്തി ഒരു സ്ഥിര രേഖയായി സൂക്ഷിക്കേണ്ടതുമാണ്. ഫയലുകളിൽ കെട്ടിടനിർമ്മാണം ക്രമവത്കരിച്ചതിന്റെ ഉത്തരവ് സൂക്ഷിച്ചിട്ടില്ല.

D) കംപ്ലീഷൻ പ്ലാനുകളിൽ സെക്രട്ടറി, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തലില്ല.

E) വസ്തുനികുതി നിർണ്ണയ ഫയലുകളിൽ ഫോറം 2 സൂക്ഷിച്ചിട്ടില്ല.

F) നമ്പറിംഗ് ഫയലുകൾ പെർമിറ്റ് ഫയലിനോടോപ്പം സൂക്ഷിച്ചിട്ടില്ല.
G) വമ്പറിംഗ് ഫയലുകളിൽ സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ/സെക്ഷൻ ക്ലർക്കിന്റെ പരിശോധനാ റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-18 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം.10/22
നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ,ചാഴൂർ

തൻവർഷം ആരംഭിച്ച ഭവന നിർമ്മാണം ആരംഭിച്ച ശ്രീമതി.സഫിയ, W/o സെയ്തു മുഹമ്മദ്, പോക്കാക്കില്ലത്ത്, ഇഞ്ചമുടി എന്ന ഗുണഭോക്താവ് നാളിതു വരെ 300000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡുകൈപ്പറ്റിയിട്ടില്ല.ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (23/26.02.23)മറുപടിയായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-19 കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം-വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം.126/22
നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്.സൂപ്പർവൈസർ
ബിൽ നം. 16/26.03.22 -50000/-
കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞവർക്ക് ധനസഹായം എന്ന പ്രോജക്റ്റ് പ്രകാരം റസൂൽ സനിൻ.കെ.എസ്, കടുങ്ങാട്ടു പറമ്പിൽ ,ഇഞ്ചമുടി എന്ന ഗുണഭോക്താവിന് വേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് 50000/-രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-നം.24/26.02.23). വിനിയോഗവിവരം ലഭ്യമാകുന്നത് വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 50000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 78/22
നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി
എ)പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ധനസഹായം നൽകിയ താഴെ പറയുന്ന വിദ്യാർത്ഥികൾ പ്രൈവറ്റ് സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. സ.ഉ.(എം.എസ്)നം.80/2017/ത.സ്വ. ഭ.വ തി.03.04.2017 ഖണ്ഡിക 11.8(7) പ്രകാരം പ്രൈവറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ടി രേഖകൾ ഹാജരാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ബിൽ നം തി | നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1. | സീതലക്ഷ്മി.സി.ആർ. ചീരംകുളങ്ങര പഴവിൽ | 14/06.11.22-60000/- | 15000/- | പട്ടികജാതി വികസന ഓഫീസറിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| 2. | അഫ്സൽ.കെ. എരവീട് ആലപ്പാട് | 13/06.11.21 | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 3. | വൈഷ്ണവി. പി.എസ്. പാമ്പൂര് ഹൗസ് ആലപ്പാട് | 13/06.11.21 | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4. | ഹൃദ്യ.ടി.എച്ച്. തെക്കുംപാടൻ ഇഞ്ചമുടി | 32/25.02.22 140000/- | | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5. | സുദേവ്.കെ.എസ്. കാറ്റാടി | 32/25.02.22 140000/- | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6. | അഭിനവ്.കെ.എസ്. കൊട്ടാടത്ത് | 32/25.02.22 140000/- | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 7 | സുഹർഷ തോട്ടപ്പുള്ളി,പുള്ള് | „ | 15000 | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 8 | ഷാഗി.പി.എസ്. | „ | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 9 | അഞ്ജന.പി.എസ്. പാലക്കൽ വീട് ഇഞ്ചമുടി | 31/23.03.22 15000/ | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 10 | അപർണ്ണ മേലേടത്ത് പുള്ള് | 41/28.03.22 15000/- | 15000/- | യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |

ബി)ഷീന സുരേഷ് എന്ന ഗുണഭോക്താവിന് മേൽ പദ്ധതി പ്രകാരം (ബിൽ നം. തി32/25.02.23) 5000/-രൂപ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ പ്രകാരമുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നൽകിയതിന് (26/27.02.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-21 സ്വയം തൊഴിൽ സംരംഭം -സബ്സിഡി തുക കാർഷികാവശ്യത്തിന് കൈമാറി .

പ്രോജക്റ്റ് നം.60/22

ബിൽ നം. തി. തുക -35/23.03.22-100000/-

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി .

മേൽ പദ്ധതി പ്രകാരം ഷൈജി സുനിൽ, മഠത്തിപ്പാട്ട്, കുറുമ്പിലാവ് എന്ന ഗുണഭോക്താവിന് നെൽകൃഷി നടത്തുന്നതിനും, വീണ.പി.വി.,പെരുമ്പട ഹൗസ്, ഇഞ്ചമുടി എന്ന ഗുണഭോക്താവിന് വാഴ, കൊള്ളി എന്നിവ കൃഷി ചെയ്യുന്നതിനുള്ള സബ്സിഡി സ്വയം തൊഴിൽ സംരംഭം എന്ന പ്രോജക്റ്റ് മുഖേന ഗുണഭോക്താവിന് കൈമാറിയിട്ടുണ്ട്. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കേണ്ട പദ്ധതി പ്രകാരമുള്ള സബ്സിഡിക്ക് മാത്രമാണ് ഗുണഭോക്താക്കൾക്ക് അർഹതയുള്ളത്. തൊഴിൽ സംരംഭം തുടങ്ങുന്നവർക്ക് മാത്രമാണ് മേൽ പ്രജക്റ്റ് പ്രകാരം സബ്സിഡിക്ക് അർഹതയുള്ളത്. എന്നാൽ അതിനു വിപരീതമായി സബ്സിഡി കൈമാറിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (29/27.02.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 സൂപ്പർ വിഷൻ ചാർജ് അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | ചെലവ് തുക, വൗച്ചർ നം., തിയതി | നൽകിയ തുക | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| MCF സെന്റർ ഇലക്ട്രിഫിക്കേഷൻ | 26/16.02.22-144704/- | 7286 | 6504/- (162623x4%) | 782/- |
| 27/22അംഗനവാടികളുടെ ഇലക്ട്രിഫിക്കേഷൻനം.12 | 42/27.03.22 110392/-MB-201/21-22 | 4595 | 4102/102561*4% | 493/- |
| 27/22അംഗനവാടികളുടെ ഇലക്ട്രിഫിക്കേഷൻനം.23 | 43/27.03.22 135986/-MB-203/21-22 | 5333.25 | 4762/ 119045.94*4% | 571/- |
| 27/22അംഗനവാടികളുടെ ഇലക്ട്രിഫിക്കേഷൻനം.3 | 41/27.03.22 111936/-MB-202/21-22 | 4369 | 3900.9 97523*4% | 469 |
| | | | | 2315/- |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി-(31/27.02.22) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 വിനിയോഗവിവരം ലഭ്യമായിട്ടില്ല

തനത് ഫണ്ടിൽ നിന്നും വിവിധപദ്ധതികൾക്ക് വേണ്ടി പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിന് KSEB ക്ക് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം.തി. | തുക |
|---|---|---|
| 1 | 22101142/28.01.22 | 6355/ |
| 2 | 22101431/07.03.22 | 18004/- |
| 3 | 22101695/31.03.22 | 14374 |

മേൽ പ്രകാരമുള്ള തുകയുടെ പൂർത്തീകരണ വിവരം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നൽകിയതിന് വിനിയോഗവിവരം ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി-32/27.02.22)

## 1-24 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്റ്റുകളിലെ ആപകതകൾ

ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകളിന്മേലുള്ള അപാകതൾ താഴെ കൊടുക്കുന്നു.

1. മരുന്ന് വാങ്ങിയത് നാളിതുവരെ വിതരണം നടത്തിയിട്ടില്ല (പ്രോജക്റ്റ് നം. 92/22)

അടങ്കൽ-200000/ രൂപ, റോഡിതരസംരക്ഷണഗ്രാന്റ്

ബിൽ സാങ്ഷൻ നം. 441/22/2/22, 200000/- രൂപ

മരിയ ഡ്രഗ് സൗത്ത് ചാലക്കുടി എന്ന സ്ഥാപനത്തിൽനിന്നും G$-231/4/2/22 നമ്പർ ഇൻവോയ്സ് പ്രകാരം 212 എണ്ണം FENZOL -150 TABS വാങ്ങിയത് സ്റ്റോക്ക് രജിസ്റ്റർ ജേജ് 141 ൽ എന്നേദിവസം വരവ് വെച്ചിട്ടുണ്ടങ്കിലും നാളിതുവരെ ആയത് വിതരണം നടത്തിയിട്ടില്ല. സ്റ്റോക്ക് വാർഷികപരിശോധന നടത്തിയതായി രേഖപ്പെടുത്തിയിട്ടുമില്ല. 5000.49 രൂപയ്ക്കാണ് ഈ മരുന്ന് വാങ്ങിയിട്ടുള്ളത്. 30/6/24 ന് ഈ മരുന്നിന്റെ കാലാവധി തീരുന്നതാണ്.

2. മരുന്ന് വാങ്ങിയതിൽ ധാരാളം ബാക്കി നിൽക്കുന്നു

മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽനിന്നും മേൽ നമ്പർ ഇൻവോയ്സ് പ്രകാരം 10001/ രൂപയ്ക്ക് 365 എണ്ണം BIOTONE PLUS BOLUS വാങ്ങിയത് 4/2/22 സ്റ്റോക്കിലെടുത്തത് പേജ് നമ്പർ 174 ൽ ചേർത്തിട്ടുണ്ട്. തുടർന്ന 31/8/22 വരെ 65 എണ്ണം മാത്രം വിതരണം നടത്തിയശേഷം 280 എണ്ണം ബാക്കി നിൽക്കുന്നു. 7166.40 രൂപ വില വരുന്നതാണ് ബാക്കി നിൽക്കുന്ന മരുന്നുകൾ

പ്രൊജക്റ്റ് സംബന്ധിച്ച പൊതുവവിരങ്ങൾ താഴെ കൊടുക്കുന്നു.

മരുന്നുകളുടെ ആവശ്യകത വിലയിരുത്താതെ വാങ്ങിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം. 28/27/2/22 ).

2. ആട്ടുവളർത്തൽ-പ്രൊജക്റ്റ് നം. 96/22, അടങ്കൽ 324000/രൂപ വികസനഫണ്ട്, 138000/- രൂപ ഗുണഭോക്തൃവിഹിതം

അപാകതൾ

1. ഗുണഭോക്താക്കൾ വാങ്ങിയ ആടുകളുടെ തൂക്കം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. വാങ്ങിയ ആടുകൾ ഗുണനിലവാരമുള്ളതാണെന്ന് പർചേസിങ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചെലവുവിവരം താഴെ കൊടുക്കുന്നു.

| ബിൽ സാങ്ഷൻ നം, | തുക |
|---|---|
| 203/18/11/21 | 60000/ |
| 268/18/12/21 | 6000/ |
| 259/15/12/21 | 18000/ |
| 337/20/1/22 | 6000/ |
| 339/20/1/22 | 12000/ |
| 458/22/2/22 | 18000/ |
| 584/23/3/22 | 6000/ |
| 594/24/3/22 | 12000/ |

3. പോത്തുകുട്ടി വളർത്തൽ ജനറൽ- പ്രൊജക്റ്റ് നം-86/22അടങ്കൽ 288000/ വികസനഫണ്ട് ജനറൽ, 722000/ ഗുണഭോക്തൃവിഹിതം

അപാകതകൾ

1. ഗുണഭോക്താക്കൾ വാങ്ങിയ പോത്തുകളുടെ പ്രായം തൂക്കം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. വാങ്ങിയ പോത്തുകൾ ഗുണനിലവാരമുള്ളതാണെന്ന് പർചേസിങ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചെലവുവിവരം താഴെ കൊടുക്കുന്നു.

| ബിൽ സാങ്ഷൻ നം. | തുക |
|---|---|
| 200/18/11/21 | 16000/ |
| 263/18/12/21 | 20000/ |
| 336/20/1/22 | 8000/ |
| 446/22/2/22 | 12000/ |
| 342/21/1/22 | 8000/ |
| 583/23/3/22 | 4000/ |
| 593/24/3/22 | 4000/ |

4. പോത്തുകുട്ടി വളർത്തൽ-ജനറൽ-അടങ്കൽ 180000/- രൂപ വികസനഫണ്ട് ജനറൽ, 180000/- സംസ്ഥാനാവിഷ്കൃതം, 360000/- രൂപ ഗുണഭാക്തൃവിഹിതം

അപാകതകൾ

1. ഗുണഭോക്താക്കൾ വാങ്ങിയ പോത്തുകളുടെ പ്രായം തൂക്കം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. വാങ്ങിയ പോത്തുകൾ ഗുണനിലവാരമുള്ളതാണെന്ന് പർചേസിങ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചെലവുവിവരം

| ബിൽ സാങ്ഷൻ നം. | തുക |
|---|---|
| 201/18/12/21 | 15000/ |
| 261/18/12/21 | 10000/ |

അപാകതകൾ

1. ഗുണഭോക്താക്കൾ വാങ്ങിയ പോത്തുകളുടെ പ്രായം തൂക്കം എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

2. വാങ്ങിയ പോത്തുകൾ ഗുണനിലവാരമുള്ളതാണെന്ന് പർചേസിങ് കമ്മിറ്റി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. പോത്തുകുട്ടി വളർത്തൽ-എസ്. സി, പ്രൊജക്റ്റ്, നം-93/12, അടങ്കൽ-220000/, എസ്.സി പി. ഫണ്ട്, 90000/ രൂ ഗുണഭോക്തൃവിഹിതം

ചെലവുവിവിരം

| ബിൽ സാങ്ഷൻ നം | തുക |
|---|---|
| 198/18/11/21 | 7500/ |
| 267/18/12/21 | 7500/ |
| 265/18/12/21 | 30000/ |
| 305/7/1/22 | 15000/ |
| 459/22/2/22 | 15000/ |
| 572/22/3/22 | 60000/ |
| 579/24/3/22 | 60000/ |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 27/2/23 ).

## 1-25 കന്നുകുട്ടി പരിപാലനം-പദ്ധതിയിൽനിന്നും വിട്ടുപോയവർക്കുവേണ്ടി അടവാക്കിയ പദ്ധതി വിഹിതം തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 83/22 (അടങ്കൽ 112500/ രൂപ, വികസനഫണ്ട് ജനറൽ, 112500/ രൂപ സംസ്ഥാനാവിഷ്കൃതം, 225000/ രൂപ ഗുണഭാക്തൃവിഹിതം-ആകെ 450000/ രൂപ) പ്രകാരമുള്ള കന്നുകുട്ടിപരിപാലനപദ്ധതിയുടെ ഭാഗമായി ബിൽ സാങ്ഷൻ നം. 148/21/10/21 പ്രകാരം 112500/ രൂപ പദ്ധതിവിഹിതമായി എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട.

ഇതുമായി ബന്ധപ്പെട്ട് കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ ശ്രീമതി വിനി വിജയൻ 19/12/22 ന്

ശേഷവും ശ്രീമതി സന്ധ്യ അനിൽ 20/12/22 ന് ശേഷവും ശ്രീമതി ആര്യ ബിബിൻ 19/12/22 ന് ശേഷവും കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല എന്നു കണ്ടു.

ആയതിനാൽ ഇവർക്കുവേണ്ടി അടവാക്കിയ മൊത്തം തുകയായ 18750/ രൂപ (6250X3) തിരികെ ഈടാക്കി സഞ്ചിതനിധയിലടവാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം).

## 1-26 മരാമത്ത് പദ്ധതിപ്രവർത്തനവും പദ്ധതിച്ചെലവും

സാമ്പത്തികവർഷം 78 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 43 പ്രൊജക്റ്റുകൾക്ക് വേണ്ടി തുക ചെലവഴിക്കാൻ കഴിഞ്ഞു (55.13%). മൊത്തം 36692967/ രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 14312589/ രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (39%). പദ്ധതിപ്രവർത്തനങ്ങൾ കൂടുതൽ ചടുലമാക്കിയാലേ പദ്ധതിച്ചെലവിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിയൂ എന്നതിനാൽ ആവിഷ്കരിക്കുന്ന എല്ലാ പ്രൊജക്റ്റുകൾക്കുവേണ്ടിയും പരമാവധി തുക ചെലവഴിക്കാൻ ഭാവിയിൽ പ്രത്യകം ശ്രദ്ധിക്കേണ്ടതാണ്.

സാമ്പത്തികവർഷം പശ്ചാത്തലമേഖലയിൽ പൊതുവിഭാഗം ഫണ്ട് വകയിരുത്തിയിരുന്നില്ല. 809350/ രൂപ എസ്.സി.പി. ഫണ്ട് വകയിരുത്തിയെങ്കിലും സാമ്പത്തികവർഷം ആയത് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കരാറുകൾ ആധികാരികമായി ചമക്കുന്നില്ല

2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പ്രൈസ് സോഫ്റ്റ്വയറിലെ അപാകത-ക്വാറി മക്കിന് 10% ഓവർഹെഡ് ചാർജ് അനുവദിച്ചിരിക്കുന്നു

പ്രൈസ് സോഫ്റ്റ്വയറിൽ തയ്യാറാക്കിയിട്ടുള്ള 35.99% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ OD85319 പ്രകാരം ഈ ഇനത്തിനുള്ള നിരക്ക് 840.01 രൂപയാണ്. ഇതിൽ പക്ഷെ, 10% ഓവർഹെഡ് ചാർജ് ഉൾപെടുത്തിയിട്ടുണ്ട്. ഇതിന്മേൽ 10% കരാറുകാരുടെ ലാഭം കൂടി ചേർക്കുമ്പോൾ അവർക്ക് അധികലാഭം ലഭിക്കുന്നതിനാൽ ഈ അപാകത ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ഗ്രാമപഞ്ചായത്തിന് ലഭിച്ച സംശുദ്ധസേവനത്തിന് ജി.എസ്.ടി അടവാക്കി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ

ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ലിൽ നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രൊജക്റ്റ് നം. പ്രവൃത്തി, അടങ്കൽ, ഫണ്ട്, കരാറുകാരൻ | എം.ബി | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി | ജി.എസ്.റ്റി ഉൾപെടെ പ്രവൃത്തിമൂല്യം | വൗച്ചർ നം./ ബിൽ നം./ ബിൽ സാങ്ങ്ഷൻ നം. | തുക |
|---|---|---|---|---|---|---|
| 136/21 നീർചാലുകളുടെ ശുചീകരണം 283335/രൂപ, സി. എഫ്. സി. ഫണ്ട്, 500000/ രൂപ ബ്ളോക്ക് പഞ്ചായത്ത് വിഹിതം, പി. എസ്. ജയരാജൻ | 56/20-21 | 501631/ | 25081.35 | 526713/ | 3/27/10/21 JH-0398369/30 /11/21 | 283335/ രൂപ 243378/ രൂപ |

മേൽ പ്രകാരം 25081/ രൂപ കേന്ദ്ര-സംസ്ഥാനസർക്കാരുകളിലേക്ക് അടവാക്കേണ്ടിവന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായി അടവാക്കേണ്ടി വന്നിട്ടുള്ളത്.

ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 തൊഴിലുറപ്പുപദ്ധതി പ്രവർത്തനം

സാമ്പത്തികവർഷം 545 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 326 പ്രൊജക്റ്റുകളാണ് പൂർത്തീകരിച്ചത്. 5315കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 2360 കുടുംബങ്ങൾ തൊഴിലെടുത്തു. 515കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. 28 നീർത്തട വികസനങ്ങളും 63 ഭൂവികസനപ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ആറു റോഡുകൾ, മൂന്നു കാനകൾ രണ്ട് നടപ്പാതകൾ, സ്വയം സഹായസംഘങ്ങൾക്കുവേണ്ടി ഒരു കെട്ടിടം ഉൾപ്പെടെ 12 പൊതു ആസ്തികൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത് ശ്രദ്ധേയമാണ്.

ആവിഷ്കരിക്കുന്ന മുഴുവൻ പ്രൊജക്റ്റുകൾ പൂർത്തീകരിക്കുന്നതിലും പരമാവധി കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ തൊഴിൽ ലഭ്യത ഉറപ്പുവരുത്താനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 സ്വയം സഹായസംഘം കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതാണ്

തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി പതിനേഴാം വാർഡിൽ രണ്ട് ലക്ഷം രൂപ അടങ്കലിൽ 134073 രൂപ ചെലവിൽ സ്വയം സഹായസംഘത്തിന് വേണ്ടി ഒരു കെട്ടിടം നിർമിച്ചിട്ടുണ്ട്. ഇവിടെ വൈദ്യുതീകരണ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. 7/2/23 ന് ഉൽഘാടനം ചെയ്ത ഈ കെട്ടിടം മഹാലക്ഷ്മി സ്വയം സഹായസംഘം തയ്യൽ യൂണിറ്റിന് വേണ്ടിയാണ്. ഇവിടെക്ക് വൈദ്യുതി കണക്ഷൻ ഇതുവരെ ലഭ്യമായിട്ടില്ല. 25/2/23 ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ, അക്രഡിറ്റഡ് എൻജിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനാസമയത്ത് കെട്ടിടത്തിൽ തയ്യൽ യൂണിറ്റ് പ്രവർത്തിച്ചിരുന്നില്ല. വൈദ്യുതി കണക്ഷൻ ഇല്ലാത്തതും അസഹ്യമായ ചൂട് കാരണവുമാണ് യൂണിറ്റ് പ്രവർത്തിക്കാത്തത്. ആയതിനാൽ എത്രയും വേഗം ഈ യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പ്രവർത്തിച്ചു തുടങ്ങുവാനുള്ള നടപടികൾ ത്വരിതമാക്കേണ്ടതാണ് (സ്ഥലപരിശോധനാ റിപ്പോർട്ട് 25/2/23).

## 1-32 ക്വാറി മക്ക് ഫില്ലിങ്-തൊഴിലുറപ്പുപദ്ധതി, പ്രൈസ് സോഫ്റ്റ്‌വെയർ നിരക്കുകൾ തമ്മിൽ

ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ക്വാറി മക്ക് ഫില്ലിങ്ങിനുള്ള നിരക്ക് 940.01/$M^3$ ആണെന്നിരിക്കെ തൊഴിലുറപ്പുപദ്ധതിക്ക് ഈ ഇനത്തിന് 1362.345 എന്നിങ്ങനെ നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ.സ്ഥാപനങ്ങളിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് വലിയ അപാകതയാണ്. ആയതിനാൽ ഈ അപാകത പരിഹരിക്കാൻ ഇക്കാര്യം തൊഴിലുറപ്പുപദ്ധതി മിഷൻ ഡയറക്ടർ, ചീഫ് എൻജിനീയർ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 11/22/2/23).

1-33 പദ്ധതി പ്രവൃത്തികളിൽ കണ്ടെത്തിയ അപാകതകൾ

തൊഴിലുറപ്പുപദ്ധതിയുടെ ക്യാഷ് ബുക്ക് 31/3/22 ന് ശേഷം എഴുതി പൂർത്തീകരിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് ആയതു എഴുതിതയ്യാറാക്കിയിട്ടുണ്ട്. ക്യാഷ് ബുക്ക് സമയബന്ധിതമായി എഴുതിസൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർറോൾ തയ്യാറാക്കി വിദഗ്ധതൊഴിലാളികൾക്ക് വേതനം അനുവദിച്ചു

എ. തുകൽക്കളം പരിസരം റോഡ് നിർമാണം എന്ന പ്രവൃത്തി (അളവുപുസ്തകം 50-32/21-22) മൂല്യനിർണയ സാക്ഷ്യപത്രം പ്രകാരം 11/10/21 ന് പൂർത്തീകരിക്കുകയും 2/10/21 ചെക്ക് മെഷർമെന്റ് നടത്തുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം അളവുപുസ്തകം പേജ് 25 ലും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 9/11/21 മുതൽ 15/11/21 വരെയുള്ള 5864 നമ്പർ മസ്റ്റർറോളിൽ ഒപ്പ് രേഖപ്പെടുത്തി രാകേഷ്, സിനി, സുജാതൻ എന്നിവർ യഥാക്രമം 5050/ രൂപ 4650/രൂപ, 3900/ രൂപ എന്നിങ്ങനെ കൈപ്പറ്റിയത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർറോൾ തയ്യാറാക്കി തുക അനുവദിച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ബി. വാർഡ് ഏഴിലെ കോട്ടം ശ്രീകൃഷ്ണക്ഷേത്രം വടക്ക് റോഡ് നിർമാണം (അളവുപുസ്തകം 50-7/21-22) എന്ന പ്രവൃത്തിയുടെ മൂല്യനിർണയസാക്ഷ്യപത്രം പ്രകാരം 18/12/21 ന് പ്രവൃത്തി പൂർത്തീകരിക്കുകയും 29/12/21 ന് ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം അളവുപുസ്തകം പേജ് 6 ൽ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 4/1/22 മുതൽ 10/1/22 വരെയുള്ള 7307 മ്പർ മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തി ബൈജു, ജയൻ, കലേഷ് എ.കെ., മണി എം. ആർ., രാജു എ.കെ. എന്നിവർ യഥാക്രമം 5200/ രൂപ 5050/ രൂപ, 3900/ രൂപ, 3900/ രൂപ, 3120/ രൂപ എന്നിങ്ങനെ കൈപ്പറ്റിയത് ക്രമപ്രകാരമല്ലാത്തതിനാൽ ആയതിന്റെ വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സി. കളരിയമ്പലം റോഡ് നിർമാണം (അളവുപുസ്തകം 25-6/21-22) എന്ന പ്രവൃത്തിയുടെ മൂല്യനിർണയസാക്ഷ്യപത്രം പ്രകാരം പ്രവൃത്തി 27/12/21 ന് പൂർത്തീകരിക്കുകയും 28/12/21 ന് ചെക്ക് മെഷർ ചെയ്തതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം അളവുപുസ്തകം പേജ് 4 ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 4/1/22 മുതൽ 10/1/22 വരെയുള്ള 7305 നമ്പർ മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തി മനോഹരൻ എ.കെ., രാജേഷ് വി. ജി., രതീഷ് എം.ആർ., സുബീഷ് എ. വി. ഉണ്ണികൃഷ്ണൻ എന്നിവർക്ക് യഥാക്രമം 3030/ രൂപ, 3600/ രബപ, 3120/ രൂപ, 3120/ രൂപ, 3120/രൂപ എന്നിങ്ങനെ അനുവദിച്ചത് ക്രമരഹിതമാണ്. ഇതിൽ ഉണ്ണികൃഷ്ണന് അനുവദിച്ച തുക വൈശാഖ പി. യു. എന്നവരുടെ 6898121189 എന്ന അക്കൗണ്ട് നമ്പറിലേക്കാണ് പോയിട്ടുള്ളതെന്ന് വേജ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമപ്രകാരമല്ലാത്ത ഇക്കാര്യങ്ങൾക്കും വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഡി. വാർഡ് 17 ലെ സ്വയം സഹായസംഘങ്ങൾക്കുവേണ്ടിയുള്ള കെട്ടിടം നിർമാണം 6/12/21 ന് പൂർത്തീകരിച്ചതായി മൂല്യനിർണയസാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 7/12/21 ന് ആയത് അളവുപുസ്തകം 50/-37/21-22 ൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ 11/1/22 മുതൽ 17/11/22 വരെയുള്ള 7462 നമ്പർ മസ്റ്റര്റോളിൽ ഒപ്പ് രേഖപ്പെടുത്തി ദർശന, പുഷ്പ, ഉണ്ണികൃഷ്ണൻ, സിനി ഉണ്ണികൃഷ്ണൻ, സുജാതൻ എന്നിവർ യഥാക്രമം 5000/ രൂപ, 3900/ രൂപ, 3120/ രൂപ 3120/ രൂപ, 3120/ രൂപ എന്നിങ്ങനെ കൈപ്പറ്റിയത് ക്രമപ്രകാരമല്ലാത്ത നടപടിയായതിനാൽ ഇക്കാര്യത്തിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-34 പണം കൈമാറിയിട്ടും മരുന്നും ഉപകരണങ്ങളും ലഭിക്കാത്തത് സംബന്ധിച്ച്

പദ്ധതി നമ്പർ 89/22 പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കാരുണ്യ ഫാർമസിയിലേക്ക് 266693 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ 74921 രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. ഈ കാര്യങ്ങളെക്കുറിച്ച് ഓഡിറ്റ് എൻക്വയറി നം.18 മുഖേന ആരാഞ്ഞപ്പോൾ മരുന്നും ഉപകരണങ്ങളും ലഭിക്കാത്തതിന് കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്ന് മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പണം കൈമാറുമ്പോൾ സമയബന്ധിതമായി സാധനങ്ങൾ ലഭ്യമാക്കണമെന്ന് സ്ഥാപനവുമായി കൃത്യമായ വ്യവസ്ഥ ഉടമ്പടികൾ ഉണ്ടാക്കണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ജില്ലാ ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളുമായി മാപ്പിംഗ് ചെയ്ത് ചെലവഴിക്കുന്നതിനാൽ ബാലൻസ് തുകയുള്ള പദ്ധതികൾ ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 148/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വ ലിക്കലും ലൈറ്റ് സ്ഥാപിക്കലും | 22101473/ 17.03.2022 | 890000 | 0 | 890000 |
| കെ.എസ്.ഇ.ബി | 250/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും ലൈറ്റ് സ്ഥാപിക്കലും പൂർത്തീകരണം | 22101588/ 14.03.2022, 22101695/ 31.03.2022 | 79116 | 0 | 79116 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | ലഭ്യമല്ല | 2756900 | 6142233 | 1613333 | | 4528900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 50000 | |
| തൻവർഷം നിക്ഷേപിച്ച തുക | 0 | |
| ആകെ | 50000 | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 50000 | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | Fixed Deposit In PSCB(FD No.1404/2 Dt.28.10.19 Period-60 Months Expiry-04.09.24 | 50000 |

പലിശ 10336/- രൂപ 04.05.22-ൽ പഴവിൽ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം. 3414-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-14 | 200 | അജിത | 121030100768/ 17-08-2021 |
| 2020-21 | | 200 | അജിത | 121030100769/17-08-2021 |
| 2019-20 | 1-14 | 200 | ശ്രീകേഷ് എസ്. ചന്ദ് | 121030100784/17-08-2021 |
| 2020-21 | | 200 | ശ്രീകേഷ് എസ്. ചന്ദ് | 121030100785/17-08-2021 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | |
|---|---|---|---|---|---|
| 2014-2015 | 2-1 | 2016-2017 | 2.1 | BSNL തൊഴിൽകരം സംബന്ധിച്ച് | 17.10.2019 തീയതിയിൽ തടസ്സമൊഴിവാക്കുന്നതിന് മറുപടി നല്കിയിട്ടുണ്ട്. |
| 2015-16 | 2.3 | 2016-2017 | 2.3.1 | D&O ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 17.10.2019 തീയതിയിൽ തടസ്സമൊഴിവാക്കുന്നതിന് മറുപടി നല്കിയിട്ടുണ്ട്. |
| 2015-16 | 2.3 | 16-17 | 2.3.3 | BSNL സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല | RR നോട്ടീസ് നൽകിയിട്ടുണ്ട് |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92145585/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89709340/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

തടസപ്പെടുത്തുന്ന തുക –

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 50000/- | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 50000/ | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി സൗമ്യ പി. എം, ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ഐ.സി.ഡി.എസ്, സൂപ്പർവൈസർ | കീഴാറ ഹൗസ്, മേലൂർ പി. ഒ, കല്ലുകുത്തി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT 13-904/98 Dtd.08.10.98 | 3 | 32, 33, 37 | |
| 2 | 1997-98 (വരവ്) | LFT 11-852/05 Dtd.06.09.05/ 23.02.06 | 1 | 2-7 | |
| 3 | 1997-98 (ചെലവ്) | LFT 13-923/98 Dtd.31.05.99/ 10.07.99 | 5 | 11, 12, 13, 15, 16 | |
| 4 | 1998-99 (ചെലവ്) | LFT 15-1695/2000 Dtd.06.02.01 | 8 | 20, 28, 31(h), 34, 40, 47, 48, 49 | |
| 5 | 1999-2000 (ചെലവ്) | LFT 11-918/03 Dtd.06.12.03/ 01.03.04 | 4 | 23, 24, 26, 28 | |
| 6 | 2000-01, 2001-02 ജനകീയാ സൂത്രണം | LFT 11-1530/03 Dtd.12.02.04/ 31.07.04 | 2 | 3, 4 | |
| 7 | 2001-02 ജനകീയാസൂത്രണം ഒഴികെ | LFT 11-2114/07 Dtd.27.12.08 | 4 | 3-3, 3-6, 3-7, 3-9 | |
| 8 | 2002-03 | LFT 11-2115/07 Dtd.27.12.08 | 3 | 3-2, 3-14, 3-16 | |
| 9 | 2003-04 | LFT 11-2116/07 Dtd.27.12.08 | 3 | 3-2, 3-7, 3-8 | |
| 10 | 2004-05 | LFT 11-135/09 Dtd.01.07.10 | 2 | 3-5, 3-6 | |
| 11 | 2005-06 | LFT 11-1566/09 Dtd.09.07.10/ 08.11.10 | 3 | 3-3, 3-12, 3-13 | |
| 12 | 2006-07 | LFT 11-1557/09 | 6 | 3-5, 3-8, 3-14, 3-15, 3-17, 3-19 | |

| | | | | | |
|---|---|---|---|---|---|
| | | Dtd.09.07.10/ 08.11.10 | | | |
| 13 | 2007-08 | LFT (P9) 192/11 Dtd.22.06.11/ 12.10.11 | 12 | 2-2(a), 2-2(b), 2-2(c), 3-1, 3-2, 3-8, 3-9(a), 3-9(b), 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 | |
| 14 | 2008-09, 2009-10, 2010-11 | LFT (P2) 1476/12 Dtd.05.02.13/ 15.06.13 | 18 | 2-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-11, 3-12, 3-14, 3-15, 3-17, 3-19, 3-20, 3-21, 3-22, 3-24, 3-25 | |
| 15 | 2011-12 | LFT (P2) 216/13 Dtd.09.09.13/ 06.12.13 | 5 | 3-3, 3-6, 3-10(a), 3-12, 3-14 | |
| 16 | 2012-13 | LFT (P2) 85/14 Dtd.06.06.14/ 16.08.14 | 18 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19 | |
| 17 | 2013-14 | KSATSR(P2) 181/16 Dtd.15.02.16/ 04.03.16 | 15 | 3-1, 3-2, 3-4, 3-5, 3-5(i), 3-5(ii), 3-5(iii)(1), 3-8, 3-9(6), 3-9(7), 3-10, 3-11, 3-14, 3-15, 3-17, 3-18, 3-19, 3-20 | |
| 18 | 2014-15 | KSATSR(P2)960/16 Dtd.15.06.16/ 29.06.16 | 5 | 2-1, 3-1, 3-5, 3-6, 3-8 | |
| 19 | 2015-16 | KSATSR(P2)2169/16 Dtd.06.01.17 | 13 | 2-2(1), 2-2-4, 2-3(1), 2-4(2), 3-2, 3-4, 3-7, 3-10, 3-18, 3-20, 3-21, 3-22, 3-24, 3-25 | |
| 20 | 2016-17 | KSATSR(P2)1623/17 Dtd.14.11.17/ 27.11.17 | 17 | 2-1-1, 2-3, 2-4, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-6, 3-10, 3-11, 3-12, 3-13, 3-14, 3-15 | |
| 21 | 2017-18 | KSATSR(P2)595/19 Dtd.07.06.19 | 3 | 2-2(1), 2-2(3), 3-6(5), 3-10 | |

| | | | | | |
|---|---|---|---|---|---|
| 22 | 2018-19 | KSATSR(P2)1699/19 Dtd.09.12.19 | 15 | 1-9,1-11,1-12, 1-13, 1-14,1-15,1-16 1-17,1-18,1-20,1-21, 1-22,1-23, 1-24,1-25 | |
| 23 | 2019-20 | KSATSR(P2)519/21 Dtd.31.3.21 | 19 | 1-11,1-11-1,1-11-2,1-11-3, 1-11-4,1-11-5,1-11-6 1-11-7,1-11-9,1-12,1-14, 1-15,1-16,1-17,` 1-18,1-19,1-20,1-21,1-22 | |
| 24 | 2020-21 | KSATSR(P2)957/22 Dtd.03.7.22 | 7 | 1-10,1-11,1-12, 1-13, 1-14,1-15,1-16 | |
| | ആകെ | | 191 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്